# Weekly Devotion - April 2019
# Evaluation of God - Step-1

**(ദൈവീക മൂല്യനിർണ്ണയം - ഘട്ടം(1)**

"പുറം കണ്ണ് തുറപ്പിപ്പൂ പുലർവേളയിലംശുമാൻ
അകക്കണ്ണ് തുറപ്പിപ്പാൻ ആശാൻ ബാല്യത്തിലെത്തണം"




അതായത് ആശാൻ അഥവാ ഗുരു എന്ന വ്യക്തി അന്ധത അകറ്റി ആന്തരിക കണ്ണ് തുറപ്പിക്കുന്നു എന്നാണ്. ഉത്തമനായ ഒരു ഗുരുവിന്റെ ശിഷ്യനാകുകയും ആ ഗുരു തന്നെ വിജയപരാജയങ്ങൾ നിശ്ചയിക്കുകയും ചെയ്താൽ അത് ഏറ്റവും പ്രയോജനപ്രദവുമാണ്. എന്തെല്ലാം പഠിച്ചു എന്നതിനെക്കാൾ ആരിൽ നിന്നാണ് പഠിച്ചത് എന്ന് ചിന്തിക്കുക.

ആത്മീയ അന്ധത മാറ്റുന്ന നല്ല ഗുരുവാണ് ക്രിസ്തു. വചനത്തോട് അടുക്കുന്നവർ ക്രിസ്തുവിനോട് അടുക്കുന്നതിനാലാണ് ജയാളികളാകുന്നത്. അതായത് യോഹ: (1:1,2) വാക്യങ്ങൾ അനുസരിച്ച് വചനം ദൈവമായിരുന്നു. ഇപ്രകാരം വിജയികളാകുന്നവരെ ലോകത്തോടടുപ്പിച്ച് തോൽവിയിലേക്ക് നടത്തുകയാണ് സാത്താന്റെ ജോലി. ആത്മീയ പരാജയം സംഭവിച്ചു എന്ന് മനസ്സിലാക്കി പശ്ചാത്താപത്തോടെ മടങ്ങി വരുന്നവന് വിജയം ഉടൻ ഉറപ്പാണ്. eg. (ക്രൂശിലെ മാനസാന്തരപ്പെട്ട കള്ളൻ)

Read. ലൂക്കോ :(23:39-43)

Evaluation അഥവാ മൂല്യനിർണ്ണയം ആത്മീയ ജീവിതത്തിലുമുണ്ട്. സഭകളെയും, വ്യക്തികളെയും ആത്മീയ ഉയർച്ചയിലെത്തിയ്ക്കുന്ന മൂല്യനിർണ്ണയം നടത്തുന്നത് ഏക സത്യദൈവമായ ആ മഹത്ഗുരുവാണ്. ഭൗമീകമൂല്യനിർണ്ണയത്തിൽ ഇന്നത്തെ കാലത്ത് അപാകതകൾ വർദ്ധിക്കുന്നതിനാൽ എല്ലാവരും ഭയാശങ്കയിലാണ്. എന്നാൽ ആത്മീയ മൂല്യനിർണ്ണയത്തിൽ അന്നും, ഇന്നും, എന്നും അപാകതകൾ ഉണ്ടാകുന്നില്ല. അന്നത്തെ സഭയെ മാത്രം കരുതിയല്ല ഇന്നത്തെ സഭകളെയും പറ്റിയുള്ള ചിന്തമൂലമാണ് ഇപ്രകാരം രേഖപ്പെടുത്തിയത്.

മൂല്യനിർണ്ണയത്തിന് ആദ്യമായി വിധേയപ്പെടുത്തുന്നത് എഫസോസ് സഭയാണ്. 'ആസ്യയുടെ ജ്യോതിസ്സ്' എന്ന് റോമൻ എഴുത്തുകാരൻ വിശേഷിപ്പിച്ച മനോഹരപട്ടണമാണ് എഫസോസ്. അസന്മാർഗ്ഗികത മറയില്ലാതെ വിളയാടിയിരുന്ന കാലത്ത് ആണ് സുവിശേഷം അവിടെ എത്തിച്ചേർന്നത് മൂല്യനിർണ്ണയം ചെയ്യുന്ന ഗുരു തനിക്ക് വിധേയപ്പെടുന്നവരെ സുരക്ഷിതരായി കരുതുന്നവനും, ശ്രദ്ധിക്കുന്നവനുമാണ്. എഫസോസ്

സഭയുടെ മൂല്യനിർണ്ണയത്തിന്റെ മൂന്ന് പ്രധാനഘട്ടങ്ങളാണ് പ്രവൃത്തി, പ്രയത്നം, സഹിഷ്ണത എന്നിവ. പ്രയത്നം എന്ന് പറയുമ്പോൾ കർത്താവിനുവേണ്ടിയുള്ള കഠിനാധ്വാനം എന്നും, സഹിഷ്ണത എന്നതിന് എല്ലാം സഹിക്കുക എന്നല്ല എല്ലാം സന്തോഷത്തോടെ സഹിക്കുക എന്നുമാണ് അർത്ഥം.

പ്രയത്നിക്കുവാൻ മനസ്സുള്ളവർക്കേ വിജയത്തിനായി പ്രവർത്തിയ്ക്കുവാൻ കവിയുകയുള്ളൂ. പ്രവർത്തി ഫലപ്രദമാകുവാൻ പ്രയത്നവും അതോടൊപ്പം സഹിഷ്ണതയും ആവശ്യമാണ്. ഈ മൂന്നുഗുണങ്ങൾ സുവിശേഷവുമായി കടന്നു ചെന്നവരിലും, സുവിശേഷം സ്വീകരിച്ചവരിലും ഗുരു കണ്ടെത്തിയത് ജയാളികളാകുവാൻ അവരെ സഹായിച്ചു. തുടർന്ന് കൊള്ളരുതാത്ത പ്രവൃത്തികൾ ചെയ്തവരെ സഹിച്ചതും, കള്ള അപ്പോസ്തോലന്മാരെ തിരിച്ചറിഞ്ഞ് അവരുടെ തന്ത്രങ്ങളിൽ വീഴാഞ്ഞതും ജയാളികളാകുവാൻ അവരെ സഹായിച്ചു. ഉദാ:അപ്പോ:പ്രവ (19:8,9,13). പൗലോസപ്പോസ്തോലൻ എഫസോസിൻ കൊള്ളരുതാത്തവരെ സഹിച്ചപ്പോൾ അഥവാ എല്ലാ പ്രശ്നങ്ങളും സന്തോഷത്തോടെ അതിജീവിച്ചിപ്പോൾ അതു കണ്ട ദൈവം അദ്ദേഹത്തെ ജയാളിയാക്കി മാറ്റി

Read അപ്പോ:പ്രവ:(19:11,12)

അസാധാരണമായ വീര്യ പ്രവൃത്തികൾ ദൈവം അദ്ദേഹത്തെക്കൊണ്ട് ചെയ്യിച്ചു. വ്യാജ ഉപദേശവുമായി വരുന്ന കപട വേലക്കാരെ സൂക്ഷിച്ച് ഒഴിയുന്നത് ജയാളികളാകുവാൻ സഹായിക്കുന്നു.

Read മത്താ :(7:15,16)

അദ്ധ്വാനിക്കാത്ത കപടവേലക്കാരും തോൽവിക്കിരയാകും.

Read 1 യോഹ :(4:1-3)

കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കുമെന്ന് പൗലോസ് വ്യക്തമാക്കുന്നു. (നിക്കലോവ്യ ഉപദേശം) ഒരു യഥാർത്ഥ ദൈവപൈതൽ ഇവയൊന്നും ദൈവമായുള്ള സ്നേഹബന്ധത്തെ തകർക്കാതെ സൂക്ഷിക്കുന്നു. പൗലോസിന് ദൈവം നൽകിയ വിജയം

Read അപ്പോ:പ്രവ:(19:18-20) വരെയുള്ള ഭാഗത്ത് കാണുന്നു.

ദൈവം ജയാളിയായി കരുതിയവരെ തോല്പിക്കുക എന്നത് സാത്താന്റെ തന്ത്രമാണ് മടങ്ങി വന്നാൽ എത്ര കഠിനമായ തോൽവിസംഭവിച്ചവരും ജയിക്കും ഉദാ: മുടിയനായ പുത്രൻ.

(ലൂക്കോ:15:11-31)

മൂല്യ നിർണ്ണയത്തിൽ ജയാളികളാകുന്നവർക്ക് ജീവവൃക്ഷത്തിന്റെ ഫലം ലഭിക്കുന്നു. ഉല്പത്തിയിൽ നഷടമായത് (ഉല്പ 2:7,9,16) വീണ്ടും ലഭിക്കുന്നു. ജയാളികളാകുന്നവർ അത് നിലനിർത്തുവാനും ശ്രമിക്കണം. അല്ലെങ്കിൽ എഫസോസ് സഭയെപ്പോലെ തോറ്റ് ചണ്ടിക്കുമ്പാരാമായി മാറും. പ്രിയരേ! യേശു ക്രിസ്തുവാകുന്ന ജീവവൃക്ഷത്തിന്റെ ഫലം പ്രാപ്യമാക്കുവാൻ കഴിയുന്നവരായി അനേകരെ യോഗ്യരാക്കിത്തീർക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നിങ്ങൾ അതിന് തയാറാണോ?


Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind